ശ്രീ. കെ. കരുണാകരൻ: സർ, നമ്മുടെ ബഡ്ജറ്റിന്റെ എത്രയോ ഇരട്ടി ആളുകളാണ് ഹോസ്പിറ്റലുകളിൽ കിടക്കുന്നത്. അതു കൊണ്ട് നമുക്ക് നിയന്ത്രിക്കുവാൻ സാധിക്കുകയില്ല. എങ്കിൽപ്പോലും ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ അത്യാവശ്യമായ തസ്തികകളും രാത്രികാലങ്ങളിൽ ജോലിചെയ്യാനുള്ള സ്റ്റാഫ് നേഴ്സുമാർ ഇല്ലെങ്കിൽ അതും പരിശോധിക്കാം. എന്താണ് ചെയ്യാൻ സാധിക്കുക എന്നുവച്ചാൽ അത് ഈ ഗവൺമെന്റ് ചെയ്യാം.

(2) അമ്പലമേട് വ്യവസായ മേഖലയിലെ പരിസര മലിനീകരണം

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, അമ്പലമേട് വ്യവസായ മേഖല, കൊച്ചിൻ ഓയിൽ റിഫൈനറി, എഫ്. എ. സി. ടി. കൊച്ചിൻ ഡിവിഷൻ, കാർബൺ ആൻറ് കെമിക്കൽസ്, കൊച്ചിൻ പേപ്പർ പ്രൊഡക്ട്സ്, തുടങ്ങാൻ പോകുന്ന എച്ച്. ഒ. സി. തുടങ്ങിയ വൻകിട വ്യവസായ ശാലകളും നിറഞ്ഞ സ്ഥലമാണ്. അവിടെ വായുമലിനീകരണവും ജലമലിനീകരണവും കൊണ്ട് ജനജീവിതം അസാദ്ധ്യമായിത്തീർന്നിരിക്കുന്നു. എഫ്. എ. സി. ടി. കൊച്ചിൻ ഡിവിഷനിൽ നിന്ന് ഒഴുകി വരുന്ന മലിനജലം ആ പ്രദേശത്തെ കൃഷിയാകെ നശിപ്പിച്ചിരിക്കയാണ്. വ്യവസായശാലകളും സ്ഥിതി ചെയ്യുന്ന വടവുകോട്-പുത്തൻകുരിശ് പഞ്ചായത്ത് തൊട്ടടുത്ത് കിടക്കുന്ന കുന്നത്തുനാട് പഞ്ചായത്ത്, കിഴക്കമ്പലം പഞ്ചായത്ത്, ഐക്കരനാട് പഞ്ചായത്ത്, തിരുവാംകുളം പഞ്ചായത്ത്, തൃപ്പൂണിത്തുറ പഞ്ചായത്ത് തുടങ്ങിയ സ്ഥലങ്ങളിലെ കൃഷി മുഴുവൻ നശിച്ച് നാമാവശേഷമായിരിക്കയാണ്. അവിടെ ജലമലിനീകരണം തടയുന്നതിന് എഫ്. എ. സി. ടി. തുടങ്ങിയ സ്ഥാപനങ്ങളും നടപടികളും സ്വീകരിച്ചുവെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തന്നെ എഫ്. എ. സി. ടി. കൊച്ചിൻ ഡിവിഷനിൽ ഒരു ജലമലിനീകരണ യൂണിറ്റ് നിർമ്മിക്കുന്നതിന് അവസരം കിട്ടിയെങ്കിലും അവ പ്രവർത്തിക്കുന്നില്ല. ആ പ്രദേശത്തുള്ളവർ ശ്വാസംമുട്ടിക്കഴിയുകയാണ്. അവിടെ മാരകമായ രോഗങ്ങളാണ് ഈ മലിനവായു ശ്വസിക്കുന്നതുമൂലം മനുഷ്യർക്ക് വന്നുചേരുന്നത്. എനിക്കുതന്നെ ഈ അടുത്തിയിടെ ഒരു അനുഭവമുണ്ടായി, ആ കമ്പനിയുടെ മുമ്പിൽ അല്പസമയം നില്ക്കേണ്ട ആവശ്യമുണ്ടായി. അന്നു മുഴുവൻ എനിക്ക് കിടന്നുറങ്ങുവാൻ പോലും കഴിയാത്തവിധം തലവേദനയും ഛർദ്ദിയും അനുഭവപ്പെട്ടു. ആ പ്രദേശത്തെ ജനങ്ങളുടെ സ്ഥിതി പറയേണ്ടതില്ല. ഒരു എം. എൽ. എ. ഇപ്പോഴും ഒരു മണിക്കൂർ അവിടെ പോയാൽ ഈ സഭയിൽ ഒരംഗം കുറയുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ഈ കാർബൺ ബ്ലാക്കിന്റെ പ്രവർത്തനം നിയന്ത്രിക്കാതെ യാതൊരു നിർവ്വാഹവും ഇല്ല. അവിടെ നിന്ന് വമിക്കുന്ന ദുർഗന്ധം, അവിടെനിന്ന് പുറത്തുവരുന്ന കരി, ആ പ്രദേശമാകെ ജനജീവിതം ദുസ്സഹമാക്കിയിരിക്കുന്നു. അടിയന്തിരമായി കാർബൺ ബ്ലാക്കിന്റെ പ്രവർത്തനം നിർത്തിവയ്പിച്ച് ഒരന്വേഷണം നടത്തി അത് ഫലപ്രദമായി അവിടെ പ്രവർത്തിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയ ശേഷമല്ലാതെ ഈ കമ്പനി പ്രവർത്തിപ്പിക്കാൻ അനുവദിക്കരുത്. അത് ആ പ്രദേശത്തെ ജനജീവിതമാകെ ദുസ്സഹമായിരിക്കുകയാണ്. മാരകമായ രോഗങ്ങളാണ് അതാകൊണ്ടവിടെയുണ്ടാകുന്നത്. ആ പ്രദേശത്ത് ക്യാൻസർ വളരെ കൂടുതലാണ്. ഇതിൽ നിന്നാണ് ക്യാൻസർ ഉണ്ടാകുന്നതെന്നാണ് വിദഗ്ദ്ധൻമാർ കണ്ടുപിടിച്ചിരിക്കുന്നത്. മാത്രമല്ല മൃഗങ്ങളും, പക്ഷികളും തുടങ്ങിയവ

LIBRARY ARCHIVES Kerala Legislative Assembly

ദിവസേന ചത്തൊടുങ്ങുകയാണ്. ആകെ ഒരു ഭീകരമായ അന്തരീക്ഷമാണ് അവിടെയുള്ളത്. ജനജീവിതം ദുസ്സഹമാക്കുന്ന ഒരു അന്തരീക്ഷമാണ് കാർബൺ ആൻറ് കെമിക്കൽ കമ്പനി അവിടെ ഉണ്ടാക്കിയിരിക്കുന്നത്. അതുകൊണ്ട് അതിനൊരു നിയന്ത്രണം ഏർപ്പെടുത്തണം. അതിനെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്തണം. ജനങ്ങളുടെ ജീവന് ഹാനികരമല്ലാത്ത സംവിധാനം ഏർപ്പെടുത്തിയശേഷം മാത്രമേ ആ ഫാക്ടറി തുടർന്ന്. പ്രവർത്തിപ്പിക്കുവാൻ അനുവദിക്കാവൂ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്,.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ദേഹം തന്നെ ആ ഫാക്ടറിസമീപത്ത് എന്നെ കൊണ്ടുപോയി കാണിച്ചതാണ്. ആ പ്രദേശത്തെ ജനങ്ങൾക്ക് വളരെ പരാതികളുണ്ട്. ആ ഫാക്ടറിയിൽ നിന്ന് പുറത്തുവരുന്ന വായു മലിനമായ വായുവാണ്. അത് മനുഷ്യരുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഈ കാര്യങ്ങളും പരിഗണിച്ചുകൊണ്ടാണ് 1984 ഏപ്രിൽ മാസത്തിൽ ഈ പ്രദേശം അന്തരീക്ഷ മലിനീകരണ നിയന്ത്രണ നിവാരണ നിയമപ്രകാരമുള്ള നിയന്ത്രിത ഏരിയയായി പ്രഖ്യാപിച്ചത് ഈ പ്രഖ്യാപനത്തിനുശേഷം സ്വീകരിക്കേണ്ട ചില നടപടിക്രമങ്ങളും ഇതിനായി നിലവിലുള്ള ബോർഡിന്റെ മുമ്പാകെ, വ്യവസായികളും വച്ചു. അവർക്ക് വ്യവസായം നടത്തിക്കൊണ്ട് പോകുന്നതിനും, അവിടെനിന്നും പുറത്തുവരുന്ന വായു ദോഷകരമല്ലെന്നു എക്സ്പെർട്ട് ബോഡിയെക്കൊണ്ട് പരിശോധിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയുണ്ടായിട്ടുണ്ട്. അപേക്ഷ കിട്ടിക്കഴിഞ്ഞാൽ അത് പരിശോധിച്ച് അതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്. മലിനീകരണത്തെ നിയന്ത്രിക്കാൻ പുറത്ത് പോകുന്ന വായുവിൽ ഇത്ര ശതമാനമാണ് കണ്ടൻറ് എന്നതിന്റെ വിശദീകരണത്തിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. അവ പരിശോധിച്ച് സർട്ടിഫൈ ചെയ്തശേഷം മാത്രമേ തുടർന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടിയെടുക്കൂ. പക്ഷെ ഇതിനുള്ള ഒരു ബുദ്ധിമുട്ട്, ഇതു സംബന്ധിച്ച നടപടികൾക്ക് ഇന്നത്തെ നിയമപ്രകാരം ആറു മാസം വരെയേ സമയമുള്ളൂ എന്നതാണ്. അവർക്ക് നോട്ടീസ് കൊടുത്ത് അത് കിട്ടിയതിനു ശേഷം ഇതിനാവശ്യമായ യന്ത്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾക്കു വേണ്ടിയുള്ള സമയമാണ്. നിർത്തിവയ്ക്കാനുള്ള വ്യവസ്ഥ ഇന്നത്തെ ആക്ടിലില്ല. ഏതായാലും ശ്രീ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരന്തരീക്ഷം നമുക്ക് ഏതു നിലയിലായാലും പരിഹരിക്കാൻ സാധിക്കും. പൊതുവേ വ്യവസായ മേഖലയിലേ അന്തരീക്ഷമലിനീകരണം തടയുന്നതിന് നടപടി സ്വീകരിക്കുന്നതിനു പുറമേ കാർബൺ ബ്ലാക്കിന്റെ കാര്യത്തിലും എന്തു ചെയ്യാൻ സാധിക്കും എന്ന കാര്യത്തെക്കുറിച്ചും അന്വേഷിക്കാൻ ഉടനേതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ അങ്ങോട്ടയച്ച് റിപ്പോർട്ടു വരുത്തി ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്. പൊതുവേ ആ പ്രദേശത്തെ മലിനീകരണം തടയുന്നതിന് സത്വരമായ നടപടികളും ബോർഡ് സ്വീകരിക്കുന്നതാണ്. ഏതു സ്ഥാപനമായാലും ശരി മലിനീകരണത്തിൽ നിന്ന് മോചനം കിട്ടാനുള്ള നടപടികളും സ്വീകരിക്കുന്നില്ലെങ്കിൽ അവരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുമെന്ന് അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ടി. എച്ച്. മുസ്തഫ: ഒരു വർഷം മുമ്പ് എറണാകുളം ജില്ലാകളക്ടർ ഒരു യോഗം വിളിച്ചു കൂട്ടുകയും അവിടത്തെ അന്തരീക്ഷമലിനീകരണത്തെക്കുറിച്ച് പഠിക്കുകയും ഈ കമ്പനി പ്രവർത്തിപ്പിക്കുവാൻ പാടില്ല,

LIBRARY ARCHIVES Kerala Legislative Assembly

അത് പൂട്ടിയിടണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അവിടെ ബഹുജന പ്രക്ഷോഭണം നടന്നതാണ്. അതിനുശേഷം ഈ മലിനീകരണ ബോർഡ് ഇത് പരിശോധിച്ച് മലിനീകരണമുണ്ടെന്ന് ബോദ്ധ്യപ്പെടുത്തുകയും അവർക്ക് നോട്ടീസ് നൽകുകയും ചെയ്തതാണ്. അതുകൊണ്ട് ഇനി ഇതിന് പരിഹാരം ഉണ്ടാകുന്നതുവരെ ഫാക്ടറി അടച്ചിടാൻ നിർദ്ദേശിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. കരുണാകരൻ: സർ, അടച്ചിടാൻ നിർദ്ദേശം കൊടുക്കുന്നതിന് ചില നടപടികളും ആവശ്യമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അതിന്റെ ഉത്തരവാദപ്പെട്ട ആഫീസറെ അയച്ച് റിപ്പോർട്ടു വരുത്തി അടിയന്തിര നടപടികളും സ്വീകരിക്കുമെന്ന്.

സബ്മിഷൻ

(1) കാസർകോടു ജില്ലയിലെ ജില്ലാ ആഫീസുകളും

ശ്രീ. കെ. പുരുഷോത്തമൻ: സർ, കാസർകോട് ജില്ല നിലവിൽ വന്നിട്ട് ഒന്നേകാൽ വർഷത്തിലേറെയായി. എന്നാൽ അവിടെ ജില്ലാ ആഫീസുകളും പൂർണ്ണമായി നിലവിൽ വന്നിട്ടില്ല. പതിനഞ്ചോളം ജില്ലാ ആഫീസുകളും ഇനിയും നിലവിൽ വരാതെയിരിക്കുന്നു. പ്രധാനപ്പെട്ട ആഫീസുകളൊന്നും നിലവിൽ വന്നിട്ടില്ല. ഒരു ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് സ്ഥാപിതമായി എന്നു പറയപ്പെടുന്നു. എന്നാൽ അവിടെ നിലവിലിരുന്ന താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തിയതൊഴിച്ചാൽ യാതൊരു കല്പനയും അവിടെ എത്തിയിട്ടില്ല. ഇന്നും കേവലം താലൂക്ക് ആശുപത്രിയുടെ പരിമിതമായ സൗകര്യങ്ങളും പോലും അവിടെയില്ല. അതുപോലെതന്നെ ഫിഷറീസ് ആഫീസ്, ജില്ലാ കോടതികൾ, എന്നീ സ്ഥാപനങ്ങളൊന്നും ഈ ജില്ലയിൽ നിലവിൽ വന്നിട്ടില്ല. ഇറിഗേഷൻ പോലെയുള്ള ആഫീസുകളും ഒന്നും നിലവിൽ വന്നിട്ടില്ല. ഉള്ള ആഫീസുകളിൽ തന്നെ ആവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടില്ല. കളക്ടറേറ്റിലെ സ്ഥിതി വളരെ ദയനീയമാണ്. ഇന്ന് കളക്ടറേറ്റ് പ്രവർത്തിക്കുന്നത് മുമ്പ് ആർ. ഡി. ഒ. ആഫീസ് പ്രവർത്തിച്ചിരുന്ന ചെറിയ ഒരു കെട്ടിടത്തിലാണ്. അവിടെ സ്റ്റാഫിനെ പൂർണ്ണമായി നിയമിച്ചിട്ടില്ല. ഞാൻ അന്വേഷിച്ചതിൽ നിന്ന് മനസ്സിലായത് കേവലം അഞ്ചിലൊന്നു സ്റ്റാഫിനെ മാത്രമേ അവിടെ അനുവദിച്ചിട്ടുള്ളൂ എന്നാണ്. ജില്ലാ ആസ്ഥാനങ്ങളിൽ പൂർണ്ണമായ സ്റ്റാഫിനെ നിയമിക്കാതെ കേവലം അഞ്ചിലൊന്നു സ്റ്റാഫ് മാത്രം നിയമിക്കുന്നതു ശരിയല്ല. കളക്ടറേറ്റിന്റെ പ്രവർത്തനം എങ്ങനെ നിർവ്വഹിക്കാൻ സാധിക്കുമെന്ന് എനിക്കു മനസ്സിലാകുന്നില്ല. അതുപോലെയുള്ള ആഫീസുകളെല്ലാം പ്രവർത്തിക്കുന്നത് കേവലം പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള വാടകകെട്ടിടങ്ങളിലാണ്. അവിടെ കളക്ടർ താമസിക്കുന്ന കെട്ടിടത്തിന് കൊടുക്കുന്ന വാടക കേട്ടാൽ തല ചുറ്റും. രണ്ടായിരം ഉറുപ്പികയാണ് മാസം വാടകകൊടുക്കുന്നത്. ഒരു സിവിൽ സ്റ്റേഷൻ പണിയാനുള്ള നടപടി ആരംഭിച്ചിട്ടില്ല. ജില്ലാകോടതി നിലവിൽ വന്നിട്ടില്ല. കാസർകോട് ജില്ല ഞങ്ങളുടെ ചിരകാലാഭിലാഷമായിരുന്നു. അവിടത്തെ വികസന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനു വേണ്ടിയാണ് ഇതിനെ സ്വാഗതം ചെയ്തത്. എക്കാലത്തും പിന്നോക്കം തള്ളപ്പെട്ട ജില്ല എന്ന നിലക്കു അവിടെ ജില്ല നിലവിൽ

LIBRARY ARCHIVES Kerala Legislative Assembly